പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2208 — 18/07/2016 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിൽനിന്നുള്ള ചികിത്സാ ധനസഹായ ഉത്തരവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ചികിത്സാ ധനസഹായങ്ങൾക്ക് സർക്കാർ ഉത്തരവുകൾ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇനി എത്ര ഉത്തരവുകളാണ് പുറപ്പെടുവിക്കാനുള്ളത് ;<br>(ബി) റവന്യൂ വകുപ്പിൽ എത്ര അപേക്ഷകളിൻ മേൽ ഉത്തരവ് പുറപ്പെടുവിക്കാതെയുണ്ട് എന്നറിയിക്കാമോ; ഈ വ്യക്തികൾക്ക് തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അപേക്ഷയിൽ പോരായ്മയുള്ളവർക്ക് അവ പരിഹരിക്കുന്നതിന് അവസരം നൽകാമോ; | (എ) (ബി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന തീയതി വരെ ഈ വകുപ്പിൽ ലഭിച്ച ബഹു.മുൻ മുഖ്യമന്ത്രി തുക അനുവദിച്ച അപേക്ഷകളിന്മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് ശേഷം ലഭിച്ച തുക അനുവദിച്ച ഏകദേശം എണ്ണായിരത്തോളം അപേക്ഷകളിന്മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും ചികിൽസാ ധനസഹായത്തിന് എം.എൽ.എ മുഖേന നൽകിയ അപേക്ഷകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച സഹായധനത്തിന് 2015 ഒക്ടോബർ മുതൽ 2016 ഏപ്രിൽ വരെ എത്ര സർക്കാർ ഉത്തരവുകൾ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചു; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ? | (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച സഹായധനത്തിന്റെ കണക്ക് നിയോജക മണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ